ഓഹരി വിപണി

155.14 ↓ സെൻസെക്സ് 37869.23

41.2 ↓ നിഫ്റ്റി 11429.50

സ്വർണം

പവൻ (8ഗ്രാം) 22,000

ഒരു ഗ്രാം 2750

ഏപ്രിൽ-ജൂണിൽ എസ്.ബി.ഐയ്ക്ക് നഷ്ടം ₹4,875 കോടി

ന്യൂഡൽഹി: നടപ്പു സാമ്പത്തിക വർഷത്തെ ആദ്യപാദമായ ഏപ്രിൽ-ജൂണിൽ രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ എസ്.ബി.ഐ 4,875 കോടി രൂപയുടെ നഷ്ടം നേരിട്ടു. എസ്.ബി.ടി അടക്കമുള്ള അസോസിയേറ്റ് ബാങ്കുകളെയും ഭാരതീയ മഹിളാ ബാങ്കിനെയും ഏറ്റെടുത്ത 2017 ഏപ്രിൽ-ജൂണിൽ ബാങ്ക് 2,005 കോടി രൂപയുടെ ലാഭം രേഖപ്പെടുത്തിയിരുന്നു. തുടർച്ചയായ മൂന്നാം ത്രൈമാസത്തിലാണ് ബാങ്ക് നഷ്ടം നേരിടുന്നത്. ഇക്കഴിഞ്ഞ ജനവരി-മാർച്ചിൽ 7,718 കോടി രൂപയായിരുന്നു നഷ്ടം.

ട്രഷറി വരുമാനം കുറഞ്ഞതും കിട്ടാക്കടം തരണം ചെയ്യാനുള്ള പ്രൊവിഷനിംഗ് തുക കൂടിയതുമാണ് കഴിഞ്ഞ പാദത്തിൽ തിരിച്ചടിയായത്. അതേസമയം, മൊത്തം നിഷ്ക്രിയ ആസ്തി 10.91 ശതമാനത്തിൽ നിന്ന് 10.69 ശതമാനത്തിലേക്കും അറ്റ നിഷ്ക്രിയ ആസ്തി 5.49 ശതമാനത്തിൽ നിന്ന് 5.29 ശതമാനത്തിലേക്കും കുറഞ്ഞത് ബാങ്കിന് നേട്ടമായി.

പാർക്ക് റെഗീസ് അവേദ ഹോട്ടൽ കുമരകത്ത്

കോട്ടയം: പ്രമുഖ ഹോട്ടൽ മാനേജ്മെന്റ് ഗ്രൂപ്പായ സ്റ്റേവെൽ ഹോൾഡിംഗ്സിന്റെ ദക്ഷിണേന്ത്യയിലെ ആദ്യ ഹോട്ടൽ 'പാർക്ക് റെഗീസ് അവേദ' കുമരകത്ത് പ്രവർത്തനം ആരംഭിക്കുന്നു. പ്രൈവറ്റ് കോട്ടേജ്, വില്ല, സ്യൂട്ട്സ്, ഓപ്പൺ പൂൾസൈഡ് റെസ്റ്റോറന്റ് കം ലോഞ്ച്, ആയുർവേദിക് സ്പാ ആൻഡ് വെൽ എക്വിപ്ഡ് ഫിറ്റ്നസ് സെന്റർ, ബാങ്ക്വറ്റ് ഹാൾ, ബിസിനസ് സെന്റർ, റിക്രിയേഷനൽ ഏരിയ എന്നിവ ഹോട്ടലിലുണ്ടാകും.

44 ആധുനിക സംവിധാനത്തോട് കൂടിയ മുറികളാണ് ഹോട്ടലിൽ സജ്ജമാക്കിയിരിക്കുന്നതെന്ന് ഗ്രൂപ്പ് പ്രസിഡന്റും ഡയറക്ടറുമായ സിമോൺ വാൻ സ്റ്റേവെൽ, മാനേജിംഗ് ഡയറക്ടർ രോഹിത് വിഗ് കുമരകം പാർക്ക് അവേദ ഉടമ പ്രശാന്ത് ചൗള എന്നിവർ പറഞ്ഞു. ഗ്രൂപ്പിന്റെ ഇന്ത്യയിലെ ആറാമത്തെ ഹോട്ടലാണിത്.

ഏഷ്യാ പസഫിക്കിലെ ഏറ്റവും വലിയ ഹോട്ടൽ മാനേജ്മെന്റ് ഗ്രൂപ്പുകളിലൊന്നാണ് സ്റ്റേവെൽ ഹോൾഡിംഗ്സ്. കൊച്ചിയിലും ആലപ്പുഴയിലും പുതിയ പഞ്ചനക്ഷത്ര ഹോട്ടലുകൾ തുറക്കാൻ പദ്ധതിയുണ്ടെന്നും അവർ പറഞ്ഞു.

വ്യാവസായിക ഉത്പാദനം 4 മാസത്തെ ഉയരത്തിൽ

■ ജൂണിൽ വളർച്ച 7 ശതമാനം

5.2%

ഏപ്രിൽ-ജൂണിൽ വ്യാവസായിക ഉത്പാദന വളർച്ച 5.2 ശതമാനം

3.9%

വ്യാവസായിക ഉത്പാദന വളർച്ച മേയിൽ 3.9 ശതമാനമായിരുന്നു

ന്യൂഡൽഹി: സാമ്പത്തിക ലോകത്തിനും കേന്ദ്രസർക്കാരിനും ആശ്വാസം പകർന്ന് ഇന്ത്യയുടെ വ്യാവസായിക ഉത്പാദന സൂചിക (ഐ.ഐ.പി) ജൂണിൽ ഏഴ് ശതമാനം വളർച്ച രേഖപ്പെടുത്തി. കഴിഞ്ഞ നാലുമാസത്തിനിടയിലെ ഏറ്റവും ഉയർന്ന വളർച്ചയാണിത്. മേയിൽ 3.9 ശതമാനമായിരുന്നു വളർച്ച. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (സി.എസ്.ഒ) മേയിലെ വളർച്ച നേരത്തേ വിലയിരുത്തിയ 3.2 ശതമാനത്തിൽ നിന്ന് 3.9 ശതമാനമായി പുനർനിർണയിക്കുകയായിരുന്നു.

ഐ.ഐ.പിയിൽ 77.63 ശതമാനം പങ്കുവഹിക്കുന്ന മാനുഫാക്ചറിംഗ് മേഖല 6.9 ശതമാനം ഉയർന്നത് ജൂണിലെ കുതിപ്പിന് വളമായി. 2017 ജൂണിൽ മാനുഫാക്ചറിംഗ് വളർച്ച വെറും 0.7 ശതമാനമായിരുന്നു. വൈദ്യുതോത്പാദനം 2.1 ശതമാനത്തിൽ നിന്ന് 8.5 ശതമാനത്തിലേക്കും ഖനന മേഖല 0.1 ശതമാനത്തിൽ നിന്ന് 6.6 ശതമാനത്തിലേക്കും പ്രകടനം മെച്ചപ്പെടുത്തി. കൺസ്യൂമർ ഗുഡ്സ് മേഖലയുടെ വളർച്ച 9.6 ശതമാനമാണ്. കൺസ്യൂമർ ഡ്യൂറബിൾസ് 13.1 ശതമാനവും വളർന്നു.

നടപ്പു സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ (ഏപ്രിൽ-ജൂൺ) വ്യാവസായിക ഉത്പാദന വളർച്ച 5.2 ശതമാനമാണ്. ഐ.ഐ.പിയിൽ 40 ശതമാനം പങ്കുവഹിക്കുന്ന മുഖ്യ വ്യവസായ മേഖല ജൂണിൽ ഏഴ് മാസത്തെ ഉയരമായ 6.7 ശതമാനം വളർന്നിരുന്നു. ഇത്, ജൂണിൽ ഐ.ഐ.പിയും മികച്ച ഉയരത്തിലെത്തുമെന്ന സൂചന നൽകിയിരുന്നു. കൽക്കരി, ക്രൂഡോയിൽ, വളം, സിമന്റ്, പ്രകൃതിവാതകം, റിഫൈനറി ഉത്പന്നങ്ങൾ, സ്റ്റീൽ എന്നീ വിഭാഗങ്ങളാണ് മുഖ്യ വ്യവസായ മേഖലയിലുള്ളത്.

ഓണത്തിന് രണ്ട് കോടി രൂപയുടെ സമ്മാനങ്ങളുമായി ജോയ് ആലുക്കാസ്

കൊച്ചി: ഓണാഘോഷ വേളയിൽ ജോയ് ആലുക്കാസും ജോളി സിൽക്സും ഉപഭോക്താക്കൾക്ക് സമ്മാനിക്കുന്നത് രണ്ടു കോടി രൂപയുടെ സമ്മാനങ്ങൾ. കേരളത്തിലെ പതിനൊന്ന് ഷോറൂമുകളിൽ നിന്ന് പർച്ചേസ് ചെയ്യുന്ന പതിനൊന്ന് ഭാഗ്യശാലികൾക്ക് ഹ്യൂണ്ടായ് ഗ്രാന്റ് ഐ10 കാറുകളും പതിനൊന്ന് പേർക്ക് റോയൽ എൻഫീൽഡ് ബൈക്കും സ്വന്തമാക്കാം. ജോളി സിൽക്സിൽ നിന്ന് ആയിരം രൂപയ്ക്കോ ജോയ് ആലുക്കാസിൽ നിന്ന് 5,000 രൂപയ്ക്കോ പർച്ചേസ് ചെയ്യുന്നവർക്ക് ഡയമണ്ട് നെക്ലേസുകൾ, സ്വർണനാണയങ്ങൾ, എൽ.ഇ.ഡി ടിവികൾ, സ്മാർട്ഫോണുകൾ, ഗിഫ്റ്റ് കാർഡുകൾ, വെള്ളി നാണയങ്ങൾ, കാഞ്ചീപുരം സാരികൾ, ഡിന്നർ സെറ്റുകൾ, മിക്സികൾ തുടങ്ങിയ സമ്മാനങ്ങളും നറുക്കെടുപ്പിലൂടെ സ്വന്തമാക്കാം.

ആഘോഷങ്ങളോട് അനുബന്ധിച്ച് സ്പെഷ്യൽ ഫെസ്റ്റീവ് കളക്ഷന്റെ വിപുലമായ ശേഖരമാണ് ജോയ് ആലുക്കാസിൽ അണിനിരത്തിയിരിക്കുന്നത്. ലോകോത്തര ഫാഷൻ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുന്ന വൈവിദ്ധ്യമാർന്ന വസ്ത്ര വിസ്മയങ്ങൾ ജോളി സിൽക്സും ഒരുക്കിയിട്ടുണ്ടെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് പറഞ്ഞു.

ടൊയോട്ട ഡ്യുവൽ ടോൺ എഡിഷൻ ലിവ വിപണിയിൽ

കൊച്ചി: ടൊയോട്ടയുടെ എത്തിയോസ് ലിവ ഡ്യുവൽ ടോൺ ലിമിറ്റഡ് എഡിഷൻ വിപണിയിലെത്തി. പെട്രോൾ വേരിയന്റിന് 6.50 ലക്ഷം രൂപയും ഡീസൽ വേരിയന്റിന് 7.65 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില. സ്പോർട്ടീ ലുക്ക് നൽകി ടൊയോട്ട ഒരുക്കിയിരിക്കുന്ന പുത്തൻ ലിവയ്ക്ക് സൂപ്പർ വൈറ്റ് നിറഭേദമാണുള്ളത്.

മുൻവശത്തെ ചുവപ്പും കറുപ്പും ചേർന്ന ഡ്യുവൽ ടോൺ ഗ്രില്ലാണ് പുത്തൻ ലിവയെ മനോഹരമാക്കുന്നുണ്ട്. ഉന്നത ഗുണനിലവാരം, മികച്ച പെർഫോമൻസ്, ഉയർന്ന ഇന്ധനക്ഷമത, മികച്ച സുരക്ഷാ ഫീച്ചറുകൾ, മികവുറ്റ യാത്രാസുഖം, കുറഞ്ഞ മെയിന്റനൻസ് ചെലവ്, പ്രീമിയം ബ്ലാക്ക് നിറമുള്ള അകത്തളത്തിൽ സ്പോർട്ടീ സ്റ്റിയറിംഗ് വീൽ, 6.8 ഇഞ്ച് ടച്ച് സ്ക്രീൻ ഓഡിയോ റിവേഴ്സ് ക്യാമറ എന്നിങ്ങനെ ഒട്ടേറെ മികവുകൾ ലിവയുടെ ലിമിറ്റഡ് എഡിഷനുണ്ടെന്ന് ടൊയോട്ട കിർലോസ്കർ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ എൻ. രാജ പറഞ്ഞു.

ദക്ഷിണേന്ത്യയിലെ പ്രമുഖ റീട്ടെയിൽ ശൃംഖലയായ ബിസ്മിയുടെ ബ്രാൻഡ് അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ട കുഞ്ചാക്കോ ബോബന് മാനേജിംഗ് ഡയറക്ടർ വി.എ. അജ്മൽ ധാരണാപത്രം കൈമാറുന്നു. ബമ്പർ സമ്മാനമായി ഒരു കിലോഗ്രാം സ്വർണം ഉൾപ്പെടെ ഒരു കോടി രൂപയിൽപ്പരം സമ്മാനങ്ങളുമായി ബിസ്മി അവതരിപ്പിക്കുന്ന 'ബിസ്മി ബിഗ് ഓണം ഓഫർ' പരസ്യങ്ങളിൽ കുഞ്ചാക്കോ ബോബൻ പ്രത്യക്ഷപ്പെടും.

ഫെഡറൽ ബാങ്ക്: ഓഹരി ഉടമകൾക്ക് 50% ലാഭവിഹിതം

ആലുവ: ഓഹരി ഉടമകൾക്ക് 50 ശതമാനം ലാഭവിഹിതം നൽകാൻ ഫെഡറൽ ബാങ്കിന്റെ 87-ാം വാർഷിക പൊതുയോഗം അനുമതി തേടി. വിവിധ ബോണ്ടുകളിലൂടെ 8,000 കോടി രൂപ വരെ സമാഹരിക്കാനുള്ള അനുമതിയും ഓഹരി ഉടമകളിൽ നിന്ന് ബാങ്ക് തേടിയിട്ടുണ്ട്.

ഓഹരി ഉടമകളും ഡയറക്ടർമാരും സംബന്ധിച്ച യോഗത്തിൽ ചെയർമാൻ നീലേഷ് ശിവ്ജി വികംസേ അദ്ധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ ശ്യാം ശ്രീനിവാസൻ സംസാരിച്ചു.

കുട്ടനാട്ടിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം പകരാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പതിയാറ എന്റർടെയ്ൻമെന്റിന്റെ മാനേജിംഗ് ഡയറക്ടർ പ്രദീപ്കുമാർ പതിയാറ എറണാകുളം ജില്ലാ കളക്ടർ മുഹമ്മദ് വൈ. സഫീറുള്ളയ്ക്ക് ഒരു ലക്ഷം രൂപയുടെ ചെക്ക് കൈമാറുന്നു. എം. മോഹൻ സംവിധാനം ചെയ്ത 'അരവിന്ദന്റെ അതിഥികൾ' എന്ന ചിത്രത്തിന്റെ നിർമ്മാതാവാണ് പ്രദീപ്കുമാർ പതിയാറ. ചിത്രത്തിന്റെ 101-ാം ദിവസ വിജയാഘോഷത്തിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന ചടങ്ങിലാണ് തുക കൈമാറിയത്. താരങ്ങളായ ശാന്തികൃഷ്ണ, നിഖില വിമൽ, ശ്രീനിവാസൻ, ഉർവശി, വിനീത് ശ്രീനിവാസൻ തുടങ്ങിയവർ സമീപം.

SCRIP	BSE	NSE
ABB	1206.950	1206.450
ACC	1545.300	1545.300
ANDHARA BANK	34.300	34.050
APOLLOTYRE	263.900	264.000
APPOLOHOS	946.550	943.900
ASHOKLEY	127.500	127.550
ASIANPNT	1418.100	1418.600
AXISBANK	615.650	615.500
BAJAJAUTO	2631.250	2629.700
BALAJITELE	116.100	115.300
BANKOFBARODA	148.300	148.300
BATAIND	974.050	975.800
BEML	808.100	807.750
BFLSOFT	1155.800	1153.050
BHARTI	369.100	369.800
BOMBDYE	266.050	265.700
BPCL	401.350	401.600
BPL	52.300	52.450
BRITANNIA	6336.700	6343.750
CANARABANK	282.200	282.350
CEAT	1399.950	1400.750
CENTURY TEXT	900.500	900.600
CHENNAIPETRO	341.200	341.250
CIPLA	620.900	621.050
COLGATE	1139.500	1138.350
CORPBNK	27.950	27.850
CROMPGREV	60.100	60.250
DABUR	441.450	442.600
DENABANK	17.300	17.300
DIVIS LAB	1122.200	1124.300
ENGGINDIA	126.050	126.050
ESCORTS	864.600	865.250
FEDERALBNK	89.000	89.200
GAIL	362.800	362.950
GEOJIT	76.300	76.550
GNFC	410.100	411.600
GODREJS	1293.050	1294.400
GRASIM	971.350	971.350
HCLINFO	35.200	35.300
HDFC	1975.400	1974.300
HDFCBNK	2115.000	2114.450
HEROHONDA	3321.400	3319.400
HINDALCO	222.400	222.700
HINDLEVER	1748.700	1752.700
HINDUJAFUN	652.750	647.900
HPCL	286.100	286.150
HUGHSTELE	5.220	5.250
I-FLEX	3905.050	3895.300
ICICIBANK	328.150	328.600
IDBI	61.850	61.850
INDHOTEL	123.900	123.850
INDIACEM	116.950	116.800
INDITRADE	73.300	0.000
INFOTECH ENT	671.200	672.800
IOB	15.900	15.900
IOC	166.500	166.350
ITC	304.700	304.800
KALECONSULT	1043.850	1031.900
KARUR VYSYA BANK	103.850	103.700
KOTAKM	1286.800	1285.500
L&T	1264.900	1264.650
LICHSGFIN	548.500	548.350
LUPINCHEM	808.050	809.450
MAHABANK	13.040	13.000
Mahindra Holidays	279.350	278.900
MARUTI	9151.350	9148.250
MAXIND	488.150	487.050
MRF	74346.250	74233.950
NTPC	159.550	159.550
Oil India Ltd (OIL)	213.850	213.600
ONGC	169.250	169.250
ORCHIDCHEM	8.070	8.000
PANACEABIO	233.000	235.050
PETRONET	224.200	224.300
PFIZER	2717.150	2714.300
PRYACEM	201.900	201.650
RAMCOSYS	385.900	385.600
RELCAP	429.300	429.500
RELIANCE	1204.000	1204.200
ROLTA	36.250	36.400
SARIGAMA	627.400	628.250
SBI	304.450	304.450
SCI	59.400	59.400
SIB	18.000	18.000
SIEMENS	1029.200	1031.700
SKFBEAR	1741.600	1742.900
SMITHKLC	6736.850	6733.800
SSI	3.990	4.000
STROPTICAL	361.850	362.250
SUNPHARMA	553.600	554.000
SYNDIBANK	41.150	41.300
Tata Communications	568.050	568.600
TATACHEM	673.200	672.800
TATAELXSI	1396.900	1395.550
TATAPOWER	69.400	69.350
TATATEA	233.100	233.550
TCS	1993.850	1993.100
TELCO	250.250	250.100
THERMAX	1084.300	1080.700
THMCOOK	261.750	262.200
TIPSINDIA	86.350	86.750
TISCO	575.550	576.700
TITANIND	920.500	920.100
TRIGYNTECH	118.150	118.550
UCOBANK	19.450	19.500
UNICHEMLAB	223.600	222.800
VESUVIUS	1260.800	1247.750
Vguard	212.450	212.400
VOLTAS	620.150	621.050
WIPRO	279.050	278.850
WONDERLA	331.650	331.550
ZEETELE	517.800	516.900

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	68.88	68.79
യൂറോ	78.90	78.81
പൗണ്ട്	87.92	87.81
സ്വിസ് ഫ്രാങ്ക്	69.26	69.16
സിംഗപ്പൂർ ഡോളർ	50.25	50.18
ആസ്ട്രേലിയ ഡോളർ	50.34	50.31
കനേഡിയൻ	52.60	52.51
ബഹ്റിൻ ദിനാർ	182.41	
കുവൈറ്റ് ദിനാർ	226.82	
ഒമാനി റിയാൽ	178.77	
സൗദി റിയാൽ	18.35	
യു. എ. ഇ. ദിർഹം	18.74	
ഖത്തർ റിയാൽ	18.90	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	17,300
വെളിച്ചെണ്ണ	16,200
കൊപ്ര	10,810-11,250
പിണ്ണാക്ക് എക്സ്പെല്ലർ	2300
പിണ്ണാക്ക് റോട്ടറി	3000
കുരുമുളക്	
ചേറ്റാത്തത്	35,000
കുരുമുളക് പുതിയത്	33,500
കുരുമുളക് ചേറ്റിയത്	37,000
ചുക്ക് മീഡിയം	14,000
ചുക്ക് ബെസ്റ്റ്	15,000
മഞ്ഞൾ	11,500
സേലം-ഈറോഡ്	8500-9000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	18,000-19,000
അടയ്ക്ക പഴയത്	ഇല്ല
പഞ്ചസാര	3720
വറ്റൽമുളക്	10,800-15,800
ഉഴുന്ന്	6500-7200
ചെറുപയർ	7000-7600
കടല	4500-5400
മുതിര	4500
എള്ള്	11,000
മല്ലി	5,500-9,500
പച്ചരി നമ്പർ-2	2900
പുഴുക്കലരി (ജയ)	3200
ജാതിക്ക തൊണ്ടൻ	180-200
തൊണ്ടില്ലാത്തത്	350-385
ജാതിപത്രി	475-650
ഗ്രാമ്പു	750
പാംഓയിൽ	6770
പൈനാപ്പിൾ	
പച്ച	2300
പച്ച (സ്പെഷ്യൽ)	2400
പഴം	28.00
റബർ	
ആർഎസ്എസ്4	13,150
ആർഎസ്എസ്-5	12,600-13,000
ഒട്ടുപാൽ	9800
ലാറ്റക്സ്	8500
കോട്ടയം	
കമ്പോളനിലവാരം	
വ്യാപാരി വില	
ആർ.എസ്.എസ്4	128.00
ആർ.എസ്.എസ്5	126.00
തരംതിരിക്കാത്തത്	111.50
	111.50
ഒട്ടുപാൽ	91.00
റബർ ബോർഡ്	
ആർ.എസ്.എസ്4	13200
ആർ.എസ്.എസ്5	13000
തരംതിരിക്കാത്തത്	12900
ഒട്ടുപാൽ	8875
ബാങ്കോക്ക്	
ആർ.എസ്.എസ്1	10447
ആർ.എസ്.എസ്2	10323
ആർ.എസ്.എസ്3	10209
ആർ.എസ്.എസ്4	10147
ആർ.എസ്.എസ്5	10054
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	9314
	(135.75)
60% ലാറ്റക്സ്	6968(101.50)
വെളിച്ചെണ്ണ	196.00
കൊപ്ര	134.00
ശർക്കര (മറയൂർ)	70.00
ശർക്കര (പാണ്ടി)	50.00
കാപ്പി	126.00
കണ്ണൂർ	
കൊപ്ര ക്വിന്റൽ	12500
വെളിച്ചെണ്ണ	
ടിൻ	3270
കിലോ	221
ലിറ്റർ	207
പിണ്ണാക്ക് ക്വിന്റൽ	2800
തേങ്ങ ക്വിന്റൽ	3500
ആലപ്പുഴ	
മാർക്കറ്റ്	
വെളിച്ചെണ്ണ മില്ലിംഗ്	17,400
വെളിച്ചെണ്ണ	16,200
കൊപ്ര	11,350
,,	11,400
,,	11,450
തൃശ്ശൂർ	
മാർക്കറ്റ്	
വെളിച്ചെണ്ണ	16300
കൊപ്ര	11270
തേങ്ങപിണ്ണാക്ക്	2200
നല്ലെണ്ണ	2650
കടലെണ്ണ	2100
എള്ളിൻപിണ്ണാക്ക്	3200
കാംകോ	
പുതിയത്	4000-4400
പഴയത്	3900-4350
രണ്ടാംതരം	2500-3000
അമല	
പുതിയത്	4000-4380
പഴയത്	3900-4350
രണ്ടാംതരം	2500-3000
അടയ്ക്ക പഴഞ്ഞി	
പുതിയത്	4200-4300
പഴയത്	--
രണ്ടാംതരം	2800-3200
നെടുമങ്ങാട്	
കമ്പോള നിലവാരം	
കുരുമുളക്	300 (കിലോ)
കൊട്ടപ്പാക്ക്	170 (,,)
റബ്ബർ	110 (,,)
ഒട്ടുപാൽ	75(,,)
ജാതിക്ക	120 (,,)
ജാതിപരിപ്പ്	250 (,,)
ജാതിപത്രി	500(,,)
ഗ്രാമ്പു	500 (,,)
കാപ്പി പരിപ്പ്	95 (,,)
കൊക്കോ	12 (,,)
തേങ്ങ	38(,,)
കശുവണ്ടി	50 (,,)
സ്വർണം	
കൊച്ചി (8ഗ്രാം)	22,000
ഒരുഗ്രാം	2750
വെള്ളി	
തിരുവനന്തപുരം	44,440
കൊച്ചി	44,440

ശാസ്ത്രകൗമുദി

കുഞ്ഞുമനസിലെ വിഷാദവിത്തുകൾ



കുട്ടികൾക്ക് വിഷാദരോഗമുണ്ടാകില്ല എന്ന ധാരണ മുൻപുണ്ടായിരുന്നു. ഇത് തെറ്റാണെന്ന് പിന്നീട് വിഗദ്ധർ കണ്ടെത്തി. കൗമാരത്തിലെ വിഷാദം കുട്ടികളെ ആത്മഹത്യയിലേക്കും നയിച്ചേക്കാം. വിഷാദമുള്ള കുട്ടികളിൽ ഭൂരിഭാഗവും കളികളിൽ നിന്നും സമൂഹത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും വിട്ടുനിൽക്കും. അശ്രദ്ധ, ദേഷ്യം, ക്ഷീണം, പഠനത്തിൽ പിന്നാക്കമാകൽ , ശാരീരിക അസ്വസ്ഥതകൾ, അമിതമായ വിശപ്പ്, വിശപ്പില്ലായ്മ, ഉറക്കം, കോപം, നിസാരകാര്യങ്ങൾക്ക് കരച്ചിൽ തുടങ്ങിയവ പ്രകടമാകും.

തലവേദന, വയറുവേദന, കിടക്കയിൽ മൂത്രമൊഴിക്കൽ, സ്കൂളിൽ പോകാനും ആളുകളുമായി ഇടപഴകാനുമുള്ള മടിയും ഭയവും, വീട്ടിൽ മുറിയടച്ചിരിക്കുക എന്നീ ലക്ഷണങ്ങൾ അവഗണിക്കരുത്. നുണപറയൽ, മോഷണം എന്നീ പെരുമാറ്റവൈകല്യങ്ങളും വിഷാദത്തിന്റെ ലക്ഷണമായേക്കാം. ചുരുങ്ങിയ മാസങ്ങൾ കൊണ്ട് രോഗം അപ്രത്യക്ഷമാകാറുണ്ട്. എന്നാൽ ശരിയായ ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ രോഗം മടങ്ങിയെത്തിയേക്കാം. കൗമാരപ്രണയം, കലുഷിതമായ കുടുംബാന്തരീക്ഷം, ലൈംഗിക ചൂഷണം എന്നിവയും കുട്ടിയെ വിഷാദത്തിലേക്ക് നയിക്കും. ആൺകുട്ടികളിലും പെൺകുട്ടികളിലും വിഷാദം കണ്ടുവരാറുണ്ടെങ്കിലും കൗമാരത്തിൽ പെൺകുട്ടികളിലാണ് കൂടുതൽ.

കൗമുദി ടിവി

DAILY
UAE-9:55PM
IND-11:25PM
Kaumudy
NEWS@Gulf

6.00 രാമായണം
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സ്വയംവരം
8.30 ന്യൂസ്ട്രാക്ക്
9.00 വൺഷോപ്പി
10.00 ജി.ഐ.ടി.ഡി
10.35 സ്നേക്ക്മാസ്റ്റർ
12.35 താരപ്പകിട്ട്
1.35 ഓ മൈ ഗോഡ്
2.00 ശിവപുരി
2.35 സ്ട്രെയ്റ്റ് ലൈൻ
3.35 ഡേവിത്ത് എ സ്റ്റാർ
6.35 ബിസിനസ് ന്യൂസ്
8.00 സ്വയംവരം
8.35 സീക്രട്ട് ഫയൽസ്
9.00 ഡ്രീം ഡ്രൈവ്
9.35 ശാന്തിഗിരി
10.00 ഫിലിം ബോക്സ്

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്

7.00 വാനമ്പാടി
8.00 നീലക്കുയിൽ
8.30 കസ്തൂരിമാൻ
9.00 ബിഗ് ബോസ്

ന്യൂസ്

8.00 ന്യൂസ്
8.30 ചുറ്റുവട്ടം
12.30 ലോകജാലകം
2.30 ഡോ. ലൈവ്
3.00 വാർത്തയ്ക്കപ്പുറം

ഏഷ്യാനെറ്റ് പ്ലസ്

9.00 ഷാപ്പിലെ കറിയും നാവിലെ രുചിയും
10.00 മൗനം സമ്മതം
10.30 പ്രിയമാനസം
7.30 ബിഗ് ബോസ് അൺസീൻ
8.00 ദൂപമാഷെ
11.00 മറുനാടും മലനാടും

ANIMAL PLANET

07:00 am Lords Of The Jungle
08:00 Deadly Bites
09:00 Nomads of the Serengeti
10:00 Animal Planet Exclusives
11:00 Wild Cats
12:00 African Wild
1:00 Mahayudh: Battle Of Thrones
3:00 Mahayudh: Battle Of Thrones
4:00 Deadly Bites
5:00 Wild Cats
6:00 Elephant Encounters
10:00 Mahayudh: Battle Of Thrones

സിനിമ

ഏഷ്യാനെറ്റ് hd : 9.00 നാടോടിമന്നൻ 4.00 പുത്തൻപണം

ഏഷ്യാനെറ്റ് മൂവീസ് : 7.00 ഫിലിപ്സ് ആൻഡ് ദി മങ്കിപ്പെൻ
9.00 ഷേക്സ്പിയർ എം.എ. മലയാളം 11.00 ഒരു മറവത്തൂർ കനവ്
1.00 ഇടുക്കി ഗോൾഡ് 7.00 പുള്ളിക്കാരൻ സ്റ്റാറാ

ഏഷ്യാനെറ്റ് : 9.00 നാടോടിമന്നൻ 4.00 പുത്തൻപണം

ഏഷ്യാനെറ്റ് പ്ലസ് : 12.00 മൈ ബോസ് 4.00 എബിസിഡി
8.00 ഷെർലക് ടോംസ്

എസിവി: 9.00 മന്നാഡിയാർ പെണ്ണിന് ചെങ്കോട്ട ചെക്കൻ
2.00 പറുദീസ 9. 30 അപരിചിതൻ

റോസ്ബൗൾ : 6.00 നാട്ടുരാജാവ്

ജുക്ക് ബോക്സ് : 6.30 ക്രോണിക് ബാച്ചിലർ

കൈരളി : 9.00 പോക്കിരിരാജ 1.15 ആറു 5.00 ദേവാസുരം

വി : 12.30 ശേഷം കാഴ്ചയിൽ 9.00 മഴവിൽ കൂടാരം

അമൃത : 2.30 വള്ളീം തെറ്റി പുള്ളീം തെറ്റി

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ആഗസ്റ്റ് 11 ശനി)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

അനുചിത പ്രവൃത്തികൾ ഒഴിവാക്കും. യാത്രകളും ചർച്ചകളും വേണ്ടിവരും. സാമ്പത്തിക നേട്ടം.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

കാര്യനിർവഹണ ശക്തി വർദ്ധിക്കും. ചുമതലകൾ ഏറ്റെടുക്കും. മാനസികബലം നേടും.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*

നീതിയുക്തമായ തീരുമാനം. അപര്യാപ്തതകളെ അതിജീവിക്കും. കച്ചവടത്തിൽ ലാഭം.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

യാഥാർത്ഥ്യം മനസിലാക്കി പ്രവർത്തിക്കും. സഹോദരങ്ങളുടെ ലോഹ്യം വർദ്ധിക്കും. ആശയങ്ങൾ നടപ്പാക്കും.

ചിങ്ങം: *(മകം, പൂരം, ഉത്രം കാൽഭാഗം)*

ആത്മാർത്ഥമായ പ്രവർത്തനം. ഉദ്യോഗത്തിന് അവസരം. ലക്ഷ്യപ്രാപ്തി നേടും.

കന്നി : *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*

മംഗളകർമ്മങ്ങൾക്ക് തീരുമാനം. സഹകരണ മനോഭാവം. സർവകാര്യവിജയം.

തുലാം: *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*

സർവകാര്യവിജയം. സഹപ്രവർത്തകരെ സഹായിക്കും. ആത്മവിശ്വാസം വർദ്ധിക്കും.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

അപര്യാപ്തകൾ ഉൾക്കൊള്ളും. മിഥ്യാഭ്രമം ഒഴിവാക്കും. ജാമ്യം നിൽക്കരുത്.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)

ആരോഗ്യം സൂക്ഷിക്കണം. അഭിപ്രായവ്യത്യാസം പരിഹരിക്കും. പരാമർശങ്ങളെ അതിജീവിക്കും.

മകരം: *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).*

സുവ്യക്തമായ പദ്ധതികൾ. യുക്തിപൂർവം പ്രവർത്തിക്കും. അബദ്ധങ്ങൾ ഒഴിവാക്കും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

വ്യക്തിത്വം നിറുത്തും. കീഴ്വഴക്കം മാനിക്കും. മാതാപിതാക്കളുടെ വാക്കുകൾ പാലിക്കും.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*

ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ. സൗമ്യസമീപനം. സാഹചര്യങ്ങളെ അതിജീവിക്കും.

- ഗോപകുമാർ ശർമ്മ